## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 328
## 03.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

### കമ്മീഷനുകളിൽ അംഗങ്ങളായിരുന്നവർക്ക് വിരമിക്കൽ ആനുകൂല്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി.ജെ.വിനോദ് എം.എൽ.എ | | ഡോ.റ്റി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | 28/11/2016-ലെ ജി.ഒ(പി)നം.175/2016/ഫിൻ പ്രകാരം കേരളത്തിലെ കമ്മീഷനുകളിൽ അംഗങ്ങളായിരുന്നവർക്ക് വിരമിക്കൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാസം എത്ര രൂപ വീതം; എന്ന് മുതൽ ഈ വിരമിക്കൽ ആനുകൂല്യം പ്രാബല്യത്തിൽ വന്നു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | 01.01.2006-നോ അതിനു ശേഷമോ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് 28.11.2016-ലെ സ.ഉ(അച്ചടി)നം.175/2016/ധന പ്രകാരം വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രതിമാസ വിരമിക്കൽ ആനുകൂല്യത്തിന് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്ന തീയതിയായ 28.11.2016 മുതലാണ് പ്രാബല്യം എന്ന് 24.08.2019-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 113/2019/ധന പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രതിമാസ വിരമിക്കൽ ആനുകൂല്യം സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിലെ സേവന കാലാവധിയനുസരിച്ച് ചുവടെപ്പറയുന്ന നിരക്കുകളിലാണ് അനുവദിക്കുന്നത് :-<br><br>**യോഗ്യ സേവന കാലാവധി** — **പ്രതിമാസ വിരമിക്കൽ ആനുകൂല്യം**<br>2 വർഷം മുതൽ 3 വർഷത്തിനകം — ₹ 7000/-<br>3 വർഷം മുതൽ 4 വർഷത്തിനകം — ₹ 8000/-<br>4 വർഷം മുതൽ 5 വർഷത്തിനകം — ₹ 9000/-<br>5 വർഷവും അതിന് മുകളിലും — ₹10,000/-<br><br>ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. |

| | | |
|---|---|---|
| (ബി) | 24/08/2019-ലെ ജി.ഒ(പി) നം.113/19/ഫിൻ പ്രകാരം കമ്മീഷൻ അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം ലഭ്യമാക്കുന്നത് 56 വയസ്സ് കഴിഞ്ഞതിന് ശേഷം എന്ന് ഉത്തരവാക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കമോ; | 24.08.2019-ലെ സ.ഉ(അച്ചടി) നം.113/19/ധന പ്രകാരം സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ സേവന മനുഷ്ഠിച്ച സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗ ങ്ങൾക്ക് സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം മുതൽക്കേ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്.<br>ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു |
| (സി) | 28.11.2016 മുതൽ 24.08.2019 വരെ 56 വയസ്സ് പൂർത്തിയാകാത്ത പല കമ്മീഷൻ മെമ്പർമാരും തുക കൈപ്പറ്റിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കേരളത്തിലെ കമ്മീഷനുകളിൽ അംഗങ്ങളാ യിരുന്നവർക്ക് വിരമിക്കൽ ആനുകൂല്യം അനുവദിച്ച 28.11.2016-ലെ സ.ഉ(അച്ചടി) നം.175/ 2016/ധന യുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷനിൽ നിന്നും വിരമിച്ച 56 വയസ് തികയാത്ത അംഗങ്ങളായ ശ്രീ കെ.കെ. മനോജ്, ശ്രീമതി. രശ്മിണി സുബ്രഹ്മണ്യൻ എന്നിവർക്ക് വിരമിക്കൽ ആനുകൂല്യം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ഇത്തരം കമ്മീഷനു കളിൽ സേവനമനുഷ്ഠിച്ചിരുന്ന സർക്കാർ ഉദ്യോഗ സ്ഥരല്ലാത്ത അംഗങ്ങൾക്ക് സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം കണക്കാക്കി മാത്രമേ വിരമിക്കൽ ആനുകൂല്യം അനുവദിക്കാ നാകൂ എന്ന വ്യവസ്ഥ 24.08.2019 ലെ സ.ഉ(അച്ചടി) നം.113/2019/ധന പ്രകാരം പുറപ്പെടു വിച്ചതിനെ തുടർന്ന് മേൽപ്പറഞ്ഞിരിക്കുന്നവർക്ക് നൽകിയ ആനുകൂല്യം നിർത്തലാക്കിയിട്ടുണ്ട്. 24.08.2019 ലെ ഉത്തരവിന് മുൻകൂർ പ്രാബല്യം നൽകിയിട്ടില്ലത്തതിനാൽ അതിനു മുമ്പ് അനുവദിച്ച വിരമിക്കൽ ആനുകൂല്യം തിരികെ ഈടാക്കേണ്ട എന്നും സർക്കാർ തീരുമാനി ച്ചിട്ടുണ്ട്. |
| (ഡി) | കമ്മീഷനുമായി ബന്ധപ്പെട്ട മാതൃവകുപ്പു കളുടെ ഗ്രാന്റ് -ഇൻ-എയ്ഡിൽ തുക ലഭ്യമല്ലാത്തതു കാരണം പല കമ്മീഷൻ മെമ്പർമാർക്കും വിരമിക്കൽ ആനുകൂല്യം ലഭ്യമായില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഗ്രാന്റ്-ഇൻ-എയ്ഡ് ശീർഷകത്തിൽ ഫണ്ട് അനുവദിക്കാത്ത സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിലെ വിരമിക്കൽ ആനുകൂല്യം ബന്ധപ്പെട്ട ശമ്പള ശീർഷകത്തിലെ മറ്റിനം-നോൺ പ്ലാൻ എന്ന കണക്ക് ശീർഷകത്തിൽ നിന്ന് അനുവദിക്കാ വുന്നതാണ്. ഇക്കാര്യം 24.08.2019-ലെ സ.ഉ (അച്ചടി) നം.113/2019/ധന ഉത്തരവിൽ വ്യക്ത മാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | മേൽ സൂചിപ്പിച്ച രണ്ട് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചില കമ്മീഷൻ മെമ്പർമാർ വിരമിക്കൽ ആനുകൂല്യം കുടിശ്ശിക ഉൾപ്പെടെ കൈപ്പറ്റുകയും മറ്റു ചിലർക്ക് ഒരു ആനുകൂല്യവും ലഭ്യമല്ലാതാവുകയും ചെയ്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഇല്ല |
| (എഫ്) | വിരമിക്കൽ ആനുകൂല്യം ലഭിക്കുവാൻ അർഹരായിട്ടും അത് ലഭിക്കാത്ത (28.11.16 മുതൽ 24.08.19 വരെ) കമ്മീഷൻ മെമ്പർമാർക്ക് ഇത് ലഭിക്കുവാനുള്ള ഉത്തരവ് നൽകുമോ; | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ജി) | ഒരേ ഉത്തരവിൽ കുറച്ച്പേർക്ക് ആനുകൂല്യം ലഭിക്കുകയും മറ്റ് ചിലർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹാര നടപടികൾ സ്വീകരിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്—സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം— ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്**

**സ. ഉ. (അച്ചടി) നം. 113/2019/ധന.** *തിരുവനന്തപുരം, തീയതി 2019 ആഗസ്റ്റ് 24.*

*പരാമർശം* :—1. സ.ഉ. (അച്ചടി) നം. 175/2016/ധന., തീയതി 28-11-2016.
2. സ.ഉ. (അച്ചടി) നം. 4/2018/ധന., തീയതി 9-1-2018.

## ഉത്തരവ്

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് പരാമർശം 1-ലെ ഉത്തരവ് പ്രകാരം വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം 2-ലെ ഉത്തരവ് പ്രകാരം സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്ന വ്യവസ്ഥകൾ സംബന്ധിച്ച് ഭേദഗതികൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. എന്നാൽ വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്ന വ്യവസ്ഥകളിൽ ഇളവുകൾ, സ്പഷ്ടീകരണം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നിരവധി ഹർജികൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സർക്കാർ ഇവ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഭേദഗതികളോടെ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സ.ഉ. (അച്ചടി) നം.175/2016 പുറപ്പെടുവിച്ചിരിക്കുന്ന തീയതിയ 28-11-2016 മുതൽക്കേ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. 1-1-2006 - നോ അതിനുശേഷമോ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരായ/നിയമിതരാകുന്ന കുറഞ്ഞത് 2 വർഷമെങ്കിലും യോഗ്യതാ സേവന കാലാവധിയുള്ള സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് മാത്രമേ 28-11-2016 തീയതി പ്രാബല്യത്തിൽ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

2. സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ സേവനമനുഷ്ഠിച്ച സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം മുതൽക്കേ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

3. പരാമർശം ഉത്തരവ് 2-ലെ 1,2,3 എന്നീ ഉപവാക്യങ്ങളിലെ "പെൻഷനുള്ള അർഹത", "കമ്മീഷൻ അംഗത്വത്തിനുള്ള പെൻഷൻ", "കമ്മീഷനിലെ സേവനത്തിനുള്ള പെൻഷൻ" എന്നീ പ്രയോഗങ്ങളിലെ 'പെൻഷൻ' എന്ന പദത്തിന് പകരം 'വിരമിക്കൽ ആനുകൂല്യം' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

4. പരാമർശം ഉത്തരവ് 1 പ്രകാരം വിരമിക്കൽ ആനുകൂല്യം കമ്മീഷനുകളുടെ ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും അനുവദിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ ഗ്രാന്റ്-ഇൻ-എയ്ഡ് ശീർഷകത്തിൽ ഫണ്ട് അനുവദിക്കാത്ത കമ്മീഷനുകളുടെ ശമ്പള ശീർഷകത്തിലെ മറ്റിനം-നോൺ പ്ലാൻ എന്ന കണക്ക് ശീർഷകത്തിൽ നിന്ന് വിരമിക്കൽ ആനുകൂല്യം അനുവദിക്കാവുന്നതാണ്.

പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**സഞ്ജീവ് കൗശിക്** ഐ. എ. എസ്.,

*പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ വ്യയം).*

പകർപ്പ് :—

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിലെ എല്ലാ ചെയർമാൻമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

ധനകാര്യ (എൻ. പി. എസ്.) വകുപ്പ്.

മുഴുവൻ ജില്ലാ/സബ്ട്രഷറി ഓഫീസർമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പൊതുഭരണ (എസ്. സി.) വകുപ്പ് (ഇനം 490 തീയതി 23-11-2016 പ്രകാരം) എല്ലാ വകുപ്പ് മേധാവികൾക്കും.

സ്റ്റേറ്റ് നോഡൽ ഓഫീസർ (www.finance.kerala.gov.in).

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

ചീഫ് സെക്രട്ടറി, കേരള സർക്കാർ.

സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.

സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.

മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറിയേറ്റിലെ മുഴുവൻ വകുപ്പുകൾക്കും.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിനായി).

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

# കേരള സർക്കാർ

## സംഗ്രഹം

**ധനകാര്യ വകുപ്പ്—സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം അനുവദിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

## ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 175/2016/ധന. തിരുവനന്തപുരം, 2016 നവംബർ 28.**

---

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് വിരമിക്കൽ ആനുകൂല്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്നവരിൽ സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് താഴെപ്പറയുന്ന നിരക്കിലും വ്യവസ്ഥകൾക്കും വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നു:

### ഉത്തരവ്

| *യോഗ്യ സേവന കാലാവധി* | *പ്രതിമാസ വിരമിക്കൽ ആനുകൂല്യം* |
|---|---|
| 2 വർഷം മുതൽ 3 വർഷത്തിനകം | ₹ 7,000 |
| 3 വർഷം മുതൽ 4 വർഷത്തിനകം | ₹ 8,000 |
| 4 വർഷം മുതൽ 5 വർഷത്തിനകം | ₹ 9,000 |
| 5 വർഷവും അതിന് മുകളിലും | ₹ 10,000 |

1. 1-1-2006-നോ അതിനുശേഷമോ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരായ/നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. പ്രതിമാസ വിരമിക്കൽ ആനുകൂല്യത്തിന് മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

GCPT. 4/3993/2016/500/S-22.

2. കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ക്ഷേമാശ്വാസം, മിനിമം പെൻഷൻ, കുടുംബ പെൻഷൻ എന്നിവ പ്രസ്തുത വിരമിക്കൽ ആനുകൂല്യം ലഭിക്കുന്നവർക്ക് ബാധകമല്ല.

3. വിരമിക്കൽ ആനുകൂല്യത്തിന് ആവശ്യമായ കുറഞ്ഞ യോഗ്യ സേവന കാലയളവ് രണ്ട് വർഷമായിരിക്കും.

4. വിരമിക്കൽ ആനുകൂല്യം കമ്മീഷനുകളുടെ ഭരണാധികാരി/ നിയന്ത്രണാധികാരി അതാത് കമ്മീഷനുകളുടെ ഗ്രാന്റ്-ഇൻ-എയ്ഡ് തുകയിൽനിന്നും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,
*അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).*

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിലെ എല്ലാ ചെയർമാന്മാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

ധനകാര്യ (എൻ.പി.എസ്.) വകുപ്പ്.

മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം 490, തീയതി, 23-11-2016 പ്രകാരം).

സ്റ്റേറ്റ് നോഡൽ ഓഫീസർ *(www.finance.kerala.gov.in).*

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

ചീഫ് സെക്രട്ടറി, കേരള സർക്കാർ.

സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.

ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.

സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിനായി).

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

---